**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6753** **11-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും, വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്ന പദ്ധതികൾ, അവയുടെ തൽസ്ഥിതി റിപ്പോർട്ട് എന്നിവയുടെ വിശദാംശം അറിയിക്കുമോ? | (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന 2023-24 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയ വീരണകാവ് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. അതുമായി ബന്ധപ്പെട്ട് വീരണകാവ് വില്ലേജിൽ മഠത്തിക്കോണം എന്ന സ്ഥലത്ത് ബ്ലോക്ക് നം.43 റീസർവ്വേ നം.331 ൽ വരുന്ന റോഡ് പുറമ്പോക്ക് വസ്തുവിന്റെ കിഴക്ക് ഭാഗത്തായി 10 സെന്റ് വസ്തുവിൽ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് വർക്ക് ഓർഡർ നൽകി എഗ്രിമെന്റ് നടപടികൾ നടന്നു വരുന്നതുമാണ്.<br><br>അരുവിക്കര നിയോജക മണ്ഡലത്തിലെ തൊളിക്കോട് വില്ലേജിനെ ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സർവ്വെ അതിരടയാള നിയപ്രകാരമുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു കൊണ്ട് തുടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഡിജിറ്റൽ റീസർവ്വെയുടെ രണ്ടാം ഘട്ടത്തിൽ അരുവിക്കര-മണ്ണൂർക്കര വില്ലേജുകളെ ഉൾപ്പെടുത്തികൊണ്ട് സർവ്വെ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ 364 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ